# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2158 6-10-2016-ൽ മറുപടിക്ക്

## കലാ-കായിക അദ്ധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. പി.ടി.തോമസ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ കലാ-കായിക അദ്ധ്യാപകരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | എ) കെ.ഇ.ആർ. പ്രകാരം സർക്കാർ സ്കൂളുകളിൽ അനുവദിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിൽ ഒഴിവു വരുന്നമുറയ്ക്ക് തന്നെ പി.എസ്.സി. വഴി അവ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിവ് വരുമ്പോൾ മാനേജർമാർ നിയമനം നടത്തുന്നുണ്ട്. അംഗീകൃത സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ ഇപ്രകാരം യഥാസമയം തന്നെ നികത്തുന്നുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനത്തിന് കാലതാമസം ഉണ്ടായാൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി പ്രസ്തുത ഒഴിവ് നികത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ അവകാശനിയമം 2009 ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100-ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ കലാ-കായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ അർഹമായ യു.പി.സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കലാ-കായിക, ആരോഗ്യ വിഷയങ്ങളിൽ കൂടുതൽ കഴിവും, അവബോധവും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 838 വിദ്യാലയങ്ങളിൽ കലാകായിക ഹെൽത്ത് എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിലുള്ള അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർവ്വ ശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിലേക്കായി സർക്കാർ അംഗീകാരത്തിനുള്ള നിർദ്ദേശം എസ്.എസ്.എ. പ്രോജക്ട് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ